## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2832

13.07.2015 ൽ മറുപടിയ്ക്ക്

# റബ്ബർ ഇറക്കുമതി നിർത്തലാക്കണമെന്ന നിവേദനവുമായുള്ള ഡൽഹി യാത്ര

| ചോദ്യം<br>ശ്രീ. എം. ചന്ദ്രൻ | | ഉത്തരം<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
|---|---|---|
| (എ) റബ്ബർ ഇറക്കുമതി നിർത്തലാക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം നല്കുവാൻ മുഖ്യമന്ത്രി എത്ര പ്രാവശ്യം ഡൽഹിയിൽ പോയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) ഈ ആവശ്യത്തിനായുള്ള നിവേദക സംഘത്തിൽ മുഖ്യമന്ത്രിക്കൊപ്പം മറ്റേതെങ്കിലും മന്ത്രിമാർ ഉണ്ടായിരുന്നോ; എങ്കിൽ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ ;<br><br>(സി) എതെല്ലാം കേന്ദ്രമന്ത്രിമാരെയാണ് നിവേദക സംഘം കണ്ടിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ; | (എ), (ബി) & (സി) | റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന ബോദ്ധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാരിലേക്ക് പല പ്രാവശ്യം നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഉണ്ടായിരുന്നു. പ്രധാന മന്ത്രിയെക്കാണാൻ ധനകാര്യ വകുപ്പ് മന്ത്രി, തൊഴിൽ വകുപ്പ് മന്ത്രി, വിദ്യാഭ്യാസ വകുപ്പ് മന്ത്രി, വനം ഗതാഗത വകുപ്പ് മന്ത്രി, റവന്യൂ വകുപ്പ് മന്ത്രി, ജലവിഭവവകുപ്പ് മന്ത്രി, ഫിഷറീസ് എക്സൈസ് വകുപ്പ് മന്ത്രി, ആരോഗ്യ ദേവസ്വം വകുപ്പ് മന്ത്രി എന്നിവർ നിവേദക സംഘത്തിൽ ഉണ്ടായിരുന്നു. ഒരു പ്രാവശ്യം പ്രതിപക്ഷ നേതാവും ഉണ്ടായിരുന്നു. |
| (ഡി) നിവേദനം സമർപ്പിച്ചതിന്റെ ഫലമായി നാളിതുവരെയായി എന്തെങ്കിലും തരത്തിലുള്ള അനുകൂല നടപടികൾ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) | റബ്ബറിന്റെ ഇറക്കുമതി നിയന്ത്രിക്കുന്നതിന് റബ്ബറിന്റെ ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കാനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് പല തവണ നിവേദനങ്ങൾ നല്കിയതു പ്രകാരം 30.04.2015 മുതൽ ഇറക്കുമതി ചുങ്കം 25 ശതമാനമോ, കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിരക്കാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ